"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നെയ്യാറ്റിൻകര ടൗൺ മാസ്റ്റർപ്ലാൻ - പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.159/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/10/2020

---

പരാമർശം:- 1 സ ഉ (സാ ധാ) നം 1376/12/തസ്വഭവ തിയതി 17/05/2012

2 നെയ്യാറ്റിൻകര നഗരസഭ കൗൺസിലിന്റെ 12/04/2010 – ലെ 1(1)-ാം നമ്പർ കൗൺസിൽ തീരുമാനവും 19/01/2013 – ലെ 19(1)-ാം നമ്പർ കൗൺസിൽ തീരുമാനവും.

3 നെയ്യാറ്റിൻകര നഗരസഭ കൗൺസിലിന്റെ 30/04/2018 – ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനം.

4 നെയ്യാറ്റിൻകര നഗരസഭ കൗൺസിലിന്റെ 30/08/2019 – ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം.

5 നെയ്യാറ്റിൻകര നഗരസഭ കൗൺസിലിന്റെ 27/12/2019 – ലെ 20-ാം നമ്പർ കൗൺസിൽ തീരുമാനം.

6 മുഖ്യനഗരാസൂത്രകന്റെ 22/07/2020-ലെ എഫ് 2/3620/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

1. പരാമർശ ഉത്തരവ് പ്രകാരം നെയ്യാറ്റിൻകര മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ഭരണാനുമതിയും ധനാനുമതിയും നഗരാസൂത്രണവകുപ്പിന് നൽകിയിരുന്നു. നഗരഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ പരാമർശം (2) പ്രകാരം നഗരസഭ നെയ്യാറ്റിൻകര ടൗൺ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുണ്ടായി. പ്രസ്തുത മാസ്റ്റർപ്ലാനിൽ പരാമർശം (3), (4) എന്നീ കൗൺസിൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തുകയും പരാമർശം (5) പ്രകാരം 2016 – ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് സെക്ഷൻ 36(1) – ലെ വ്യവസ്ഥ അനുസരിച്ച് മാസ്റ്റർപ്ലാൻ സ്വീകരിക്കുന്നതിന് തീരുമാനമെടുക്കുകയും തുടർന്ന് കേരള നഗരഗ്രാമാസൂത്രണ ആക്ട് സെക്ഷൻ 36(3) പ്രകാരം പ്രസിദ്ധീകരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. 2016 – ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(3) പ്രകാരം നെയ്യാറ്റിൻകര മാസ്റ്റർപ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകാവുന്നതാണെന്ന് പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) പ്രകാരമുള്ള

മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്
സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ
മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
ജില്ലാ നഗരാസൂത്രകൻ, തിരുവനന്തപുരം (മുഖ്യനഗരാസൂത്രകൻ ) മുഖേന
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SINDHU P G
Date: 2020.10.20 14:29:02 IST
Reason: Approved
സെക്ഷൻ ഓഫീസർ